(ബി) സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ സ്വകാര്യവൽക്കരിക്കാൻ സർക്കാരിന് ഏതെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം പദ്ധതികൾ സ്വകാര്യവൽക്കരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) സർക്കാരിന്റെ പരിഗണനയിലുള്ള സ്വകാര്യവൽക്കരണ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; എ. ഡി. ബി. യുമായുള്ള സർക്കാരിന്റെ ഇത് സംബന്ധമായുള്ള ധാരണ വിശദമാക്കാമോ;

(ഇ) ജല അതോറിറ്റി ഇത് സംബന്ധമായി എന്തെങ്കിലും ശുപാർശ സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) രണ്ടായിരത്തിഏഴോടുകൂടി എല്ലാവർക്കും കുടിവെള്ളം എന്ന പദ്ധതിയുടെ ഭാഗമായുള്ള ഏതെങ്കിലും പദ്ധതി സ്വകാര്യ മേഖലയ്ക്ക് നൽകുവാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) അല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) കുടിവെള്ള പദ്ധതികൾ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ജലവിഭവ വകുപ്പിൽ നിലവിലില്ല.

(ഇ) ഇല്ല.

(എഫ്) നിർദ്ദേശം പരിഗണനയിലില്ല.

ഇരട്ടയാർ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ആരംഭിച്ച പദ്ധതിയുടെ പ്രവർത്തനം

84 [2694] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരട്ടയാർ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ആരംഭിച്ച പദ്ധതിയുടെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കാനുള്ളത്;

(സി) പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പമ്പിംഗ് മെയിൻ, വിതരണശൃംഖലകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള ജോലികൾ ആരംഭിച്ചിട്ടില്ല. കൂടാതെ ശുദ്ധീകരണശാലയുടെ 50% ജോലിയും അതോടൊപ്പമുള്ള പമ്പ് ഹൗസും സ്ഥാപിക്കുന്ന ജോലിയും പൂർത്തീകരിക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതി 2007 മാർച്ച് മാസത്തിൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.

കുഴൽമന്ദം മണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പദ്ധതികൾ

85 [2695] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണ്; ഇപ്പോൾ ഇവയുടെ പ്രവർത്തനം ഏത് സ്റ്റേറ്റിലാണ്;

(ബി) ഇവയുടെ പ്രവർത്തനം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(സി) ഇവയുടെ പണി ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കുഴൽമന്ദം മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(സി) എല്ലാ പ്ലാൻ പദ്ധതികളും ഈ വർഷാവസാനം തന്നെ പൂർത്തീകരിക്കുവാനും അനുമതി ലഭിച്ച എല്ലാ കേരള വികസന പദ്ധതികളും എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികളും 2005 സെപ്റ്റംബർ 30-ാം തീയതിക്കകം പൂർത്തീകരിക്കുവാനും ലക്ഷ്യമിട്ടിരിക്കുന്നു.

കടലുണ്ടി പഞ്ചായത്തിലെ കാവുംകുളം ശുദ്ധജലവിതരണ പദ്ധതി

86 [2696] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലുണ്ടി പഞ്ചായത്തിലെ കാവുംകുളം ശുദ്ധജല വിതരണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി സംബന്ധിച്ച് പഠിക്കുന്നതിന് ചുമതലപ്പെടുത്തിയ വാട്ടർ അതോറിറ്റിയുടെ ഐ. പി. ഡി. വിഭാഗം പഠനം പൂർത്തിയാക്കിയിട്ടുണ്ടോ; പഠനം നടത്താൻ എടുത്ത കാലയളവ് വ്യക്തമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ പദ്ധതി നടപ്പാക്കാൻ എത്ര തുക ചെലവ് വരുമെന്നും എന്നത്തേക്ക് ഈ പദ്ധതി പൂർത്തിയാക്കുമെന്നും പറയാമോ?

† ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly